## 644

*രീതി: യേശു അഴൈക്കിറാർ*

ക്രൂശുമെടുത്തു ഞാൻ യേശു രക്ഷകനെ
ക്ലേശങ്ങൾ വന്നാലും പിൻചെല്ലുമേ-
എൻ ക്രൂശുമെടുത്തു ഞാൻ

1 ദുഃഖത്തിൻ താഴ്വരയിൽ കഷ്ടത്തിൻ കാരിരുളിൽ
തൃക്കൈകളാൽ താങ്ങി കർത്താവുതാൻ കാത്തു
എക്കാലവുമെന്നെ നടത്തുമേ-

2 ഉള്ളം കലങ്ങിടിലും ഉറ്റവർ മാറിടിലും
വേണ്ടാ വിഷാദങ്ങൾ യേശുവിൻ മാറിടം
ഉണ്ടെനിക്കു ചാരി വിശ്രമിപ്പാൻ

3 എൻ ജീവവഴികളിൽ ആപത്തു നാളുകളിൽ
എന്നെ കരുതുവാൻ എന്നെന്നും കാക്കുവാൻ
എൻ യേശു രക്ഷകൻ മതിയല്ലോ-

4 ലോകം വെറുത്താലുമെൻ ദേഹം ക്ഷയിച്ചാലുമേ
മൃത്യുവിൻ നാൾവരെ ക്രിസ്തുവിൻ ദീപമായ്
ഇദ്ധരയിൽ കത്തി തീർന്നെങ്കിൽ ഞാൻ-

5 കർത്താവിൻ സന്നിധിയിൽ എത്തും പ്രഭാതത്തിൽ ഞാൻ
കണ്ണീരെല്ലാമന്നു പൂർണ്ണമായ് തീർന്നെന്നും
നിത്യതയിൽ ക്രിസ്തൻ കൂടെ വാഴും-

**G.P.**